***'CORRUPTION, A CRIME AGAINST NATION'***

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393

തീയതി:28.02.2019

# കൈക്കൂലി വാങ്ങുന്നതിനിടെ അറസ്റ്റിലായ മുൻ വില്ലേജ് ഓഫീസറെ  മൂന്ന് വർഷം തടവിന് ശിക്ഷിച്ചു.

കൈക്കൂലി വാങ്ങുന്നതിനിടെ പിടിയിലായ മുൻ വില്ലേജ് ഓഫീസറെ  മൂന്ന് വർഷം തടവിനും 50,000/- രൂപ പിഴ അടക്കുന്നതിനും  ശിക്ഷിച്ചു. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല സ്വദേശിയായ യേശുദാസനെയാണ് കുറ്റക്കാരനാണെന്ന് കണ്ട് തിരുവനതപുരം വിജിലൻസ് കോടതി ജഡ്ജ് ശ്രീ.അജിത് കുമാർ മൂന്ന്  വർഷം തടവിനും 50,000 /- രൂപ പിഴ ഒടുക്കുന്നതിനും വിധിച്ചത്. ആനാവൂർ വില്ലേജ് ഓഫീസറായായി ജോലി നോക്കി വരവെ ആനാവൂർ കോട്ടക്കൽ സ്വദേശിയായ  കുട്ടപ്പന്റെ വസ്തുവിന്റെ പോക്ക് വരവ് ചെയ്ത് കരം അടച്ച് നൽകുന്നതിന് വേണ്ടി മുൻ വില്ലേജ് ഓഫീസറായിരുന്ന യേശുദാസൻ 5000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും പിന്നീട് 3000/- രൂപയിൽ പറഞ്ഞുറപ്പിക്കുകയുമായിരുന്നു. ഇതിൽ 1000/- രൂപ 26-11-2011 ൽ കൈപ്പറ്റുകയും ബാക്കി തുകയായ 2000/- രൂപ 6-12-2011 ൽ വില്ലേജ് ഓഫീസിൽ വെച്ച്  കൈമാറുന്നതിനിടെ തിരുവനന്തപുരം വിജിലൻസ് യൂണിറ്റിന്റെ പിടിയിലാവുകയായിരുന്നു.

വിജിലൻസ് തിരുവനന്തപുരം  യൂണിറ്റ് മുൻ DySP ശ്രീ.എസ്.രാജേന്ദ്രന്റെ  നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്ത്  അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്.  കേസിൽ പ്രോസിക്യൂഷന് വേണ്ടി അഡിഷണൽ  ലീഗൽ അഡ്വൈസർ ശ്രീ.ചെറുന്നിയൂർ എസ്.ഉണ്ണികൃഷ്ണൻ ഹാജരായി .